**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3679</u>** **<u>05-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പ്രാഥമിക കാർഷിക സംഘങ്ങളുടെ നവീകരണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **Shri. V. N. Vasavan**<br>**(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി നബാർഡ് മുഖാന്തിരം എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ? | (എ) | നബാർഡിന്റെ സ്പെഷ്യൽ റിഫിനാൻസ് ഫെസിലിറ്റി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ മൾട്ടി സർവ്വീസ് സെന്ററുകളായി മാറ്റുന്നതിനുള്ള PACS as MSC എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ പലിശ 4% ആണ്. കൂടാതെ ഇതേ പദ്ധതിയെ തന്നെ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രിക്കൾച്ചറൽ ഇൻഫ്രാ സ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ കൂടി ഉൾ പ്പെടുത്തി 3% പലിശ സബ്‌വെൻഷൻ കൂടി ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 7 വർഷ കാലാവധിയുള്ള ടേം ലോണുകളായിട്ടാണ് വായ്പ അനുവദി ക്കുന്നത്. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യസഹകരണം മുതലായവയ്ക്ക് നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസനനിധി പദ്ധതി (RIDF) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ